### പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 484 — 11.12.2012 -ലെ മറുപടി

### കുട്ടനാട്ടിലെ കെ.എസ്.ആർ.ടി.സി. റൂട്ടുകളുടെ ദേശസാൽക്കരണം

| | ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കുട്ടനാട്ടിലെകെ.എസ്.ആർ.ടി.സി. റൂട്ടുകൾ ദേശസാത്ക്കരിച്ചിരിക്കുന്നതിനാൽ ആലപ്പുഴയിൽ നിന്നും ചങ്ങനാശ്ശേരിയിൽ നിന്നും ചമ്പക്കുളം വരെയുള്ള ബസ്സ് സർവ്വീസ് തായങ്കരി വഴി എടത്വാ വരെ നീട്ടുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | ആലപ്പുഴ-ചമ്പക്കുളം റൂട്ടിൽ നിലവിലുള്ള സർവ്വീസുകൾ വിദ്യാർത്ഥികളുടെയും സ്ഥിരം യാത്രക്കാരുടെയും സൗകര്യത്തിനനുസരിച്ച് ക്രമീകരിച്ചിരിക്കുകയാണ്. ഈ സർവ്വീസുകൾ തായങ്കരി വഴി എടത്വാക്ക് നീട്ടിയാൽ ട്രിപ്പുകളുടെ എണ്ണം കുറയുവാനും യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുവാനും സാധ്യതയുണ്ട്. ആയതിനാൽ പുതിയ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി റൂട്ടിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതാണ് ഉചിതമെന്ന് കരുതുന്നു. |
| (ബി) | കൈനകരി-കോലത്ത് ജെട്ടിവരെയുള്ള ബസ്സ് സർവ്വീസ് പൂപ്പള്ളി വഴി ചങ്ങനാശ്ശേരിവരെ നീട്ടുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൈനകരി-കോലത്ത് ജെട്ടി വരെയുള്ള ബസ്സ് സർവ്വീസ് പൂപ്പള്ളി വഴി ചങ്ങനാശ്ശേരി വരെ നീട്ടുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | രാമങ്കരിയിൽനിന്നും വണ്ടാനം മെഡിക്കൽ കോളേജിലേക്കും ചങ്ങനാശ്ശേരിയിൽ നിന്നും കായൽപ്പുറം പള്ളിയിലേക്കും ഊരുക്കരിയിലേക്കുമുള്ള ബസ്സ് സർവ്വീസുകൾക്ക് ഫീസിബിലിറ്റി തയ്യാറായ സാഹചര്യത്തിൽ പുതിയ ബസ്സ് അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെട്ട സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ